# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 480

30.06.2014-ലെ മറുപടിക്ക്

## ജയിലുകളിലെ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ

ചോദ്യം

ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.സണ്ണി ജോസഫ്
ശ്രീ.റ്റി.എൻ.പ്രതാപൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിന് ജയിലുകളിൽ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി, ദം ബിരിയാണി, ബേക്കറി ഉല്പന്നങ്ങളായ ലഡ്ഡു, കേക്ക്, ചിപ്സ് എന്നിവയുണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഭക്ഷണ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ ജയിലുകളിലാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് വിതരണം ചെയ്തു വരുന്നത്; വിശദമാക്കുമോ; | സി) | ചപ്പാത്തി, ചിക്കൻ കറി/വെജിറ്റബിൾ കറി/മുട്ടക്കറി, ചില്ലി ചിക്കൻ, ഇഡ്ഡലി, സാമ്പാർ, ദം ബിരിയാണി, ലഡ്ഡു, ചിപ്സ്, കേക്ക് എന്നീ ഭക്ഷ്യവിഭവങ്ങൾ വിതരണം ചെയ്തുവരുന്നു. |
| (ഡി) തടവുകാർക്കും, സർക്കാരിനും ഇതുവഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദാംശങ്ങൾ നൽകാമോ? | ഡി) | ജയിലുകളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റുകളിൽനിന്നും നാളിതുവരെ (മെയ് 2014 വരെ) ലാഭവിഹിതമായി ആകെ 8,05,30,213/- (എട്ട് കോടി അഞ്ച് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപ സർക്കാരിലടച്ചിട്ടുണ്ട്.<br>കൂടാതെ പ്രസ്തുത യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തടവുകാർക്ക് നാളിതുവരെ 2,56,62,426/- (രണ്ടുകോടി അൻപത്തിയാറു ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപ വേജസ് ഇനത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ചപ്പാത്തി യൂണിറ്റ്

1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം
2. സെൻട്രൽ പ്രിസൺ, കണ്ണൂർ
3. സെൻട്രൽ പ്രിസൺ, വിയ്യൂർ
4. തുറന്ന ജയിൽ, നെട്ടുകാൽത്തേരി
5. തുറന്ന ജയിൽ, ചീമേനി
6. ജില്ലാജയിൽ, കോഴിക്കോട്
7. ജില്ലാജയിൽ, കൊല്ലം
8. ജില്ലാജയിൽ, എറണാകുളം
9. ജില്ലാജയിൽ, കോട്ടയം

## ഇഡ്ഡലി നിർമ്മാണ യൂണിറ്റ്

1. സ്പെഷ്യൽ സബ് ജയിൽ, പൂജപ്പുര

## ദം ബിരിയാണി യൂണിറ്റ്

1. സ്പെഷ്യൽ സബ്ജയിൽ, പൂജപ്പുര
2. സെൻട്രൽ ജയിൽ, കണ്ണൂർ

## ബേക്കറി യൂണിറ്റ്

1. സെൻട്രൽ ജയിൽ, കണ്ണൂർ
2. സെൻട്രൽ ജയിൽ, വിയ്യൂർ

സെക്ഷൻ ഓഫീസർ